# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1129** **04.02.2019 – ൽ മറുപടിക്ക്**

**<u>മൂവാറ്റുപുഴ ബൈപാസ്</u>**

| **<u>ചോദ്യം</u>**<br>**ശ്രീ. എൽദോ എബ്രഹാം :** | | **<u>മറുപടി</u>**<br>**ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | മൂവാറ്റുപുഴ ബൈപാസ് നിർമ്മാണത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ; | (എ) | 130 ജംഗ്ഷനിൽ നിന്നും ആരംഭിച്ച് എൻ.എച്ച്. 49 ന്റെ കടാതി ഭാഗത്ത് അവസാനിക്കുന്ന 2.27 കി.മീ ദൂരം വരുന്ന മൂവാറ്റുപുഴ ബൈപ്പാസിന് (മുറിക്കല്ല് ബൈപ്പാസ്) വേണ്ടി വെള്ളൂർക്കുന്നം വില്ലേജിലെ 1.1542 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് റോഡ് നിർമ്മാണം ഫോർമേഷൻ ലെവൽ വരെ പൂർത്തീകരിച്ചിട്ടുണ്ട്. അതോടൊപ്പം മുറിക്കല്ല് പാലവും പൂർത്തികരിച്ചു. ബാക്കിയുള്ള 1.636 കി.മീ ദൂരം വരുന്ന മാറാടി വില്ലേജ് ഭാഗത്തെ 2.2037 ഹെക്ടർ സ്ഥലം ഇനിയും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഈ പ്രവൃത്തിക്ക് വേണ്ടി 2018 ഓഗസ്റ്റിൽ 50 കോടി രൂപയുടെ ഭരാണാനുമതി നൽകുകയും, പദ്ധതി കിഫ്ബി മുഖാന്തിരം നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. മൂവാറ്റുപുഴ ബൈപ്പാസിനു വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ വർക്ക് പൂർത്തികരിച്ച് ഡി.പി.ആർ തയ്യാറാക്കുന്ന പ്രവൃത്തി നടന്നു വരുന്നു. കെ.എസ്.ഇ.ബി. യൂട്ടിലിറ്റി ഷിഫ്റ്റിംഗിനും, വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനുകൾ മാറ്റുന്നതിനും, ഭൂമി ഏറ്റെടുക്കുന്നതിനും, കെട്ടിടങ്ങളുടെ നഷ്ടപരിഹാരവും ഉൾപ്പെടുത്തി ഈ പദ്ധതിയുടെ മൊത്തം എസ്റ്റിമേറ്റ് തുക 66.41 കോടി രൂപയാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ബൈപാസ് എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (ബി) | സ്ഥലം ഏറ്റെടുക്കൽ, കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കൽ എന്നിവ പൂർത്തികരിച്ചാൽ 18 മാസത്തെ കാലയളവിൽ ടി പദ്ധതി പൂർത്തികരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ